# ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.

(ഹാജർ: .അജിത് ദാസ്.എ)

## സംഗ്രഹം

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - ബാലുശ്ശേരി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ ക്ലാർക്ക് ശ്രീ.സത്യൻ.പി,. കണ്ണൂർ, ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ ക്ലാർക്ക് ശ്രീമതി. ശ്രീന.കെ. എന്നിവരെ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

| | |
|---|---|
| ഉത്തരവ് നം.7480/എസ്റ്റാ.സി.3/2015/സിആർഡി | തീയതി: 07/05/2019 |

പരാമർശം:
1. കോഴിക്കോട് അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)ന്റെ 13.03.2018 ലെ ആർ.ഡി2/500/18(4) നമ്പർ കത്ത്.
2. കണ്ണൂർ അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ന്റെ 31.07.2018 ലെ ആർഡി1/937/2018 നമ്പർ കത്ത്
3. ഈ ഓഫീസിലെ 30.05.2016 ലെ 7480/എസ്റ്റാ.സി3/2015/സി.ആർ.ഡി. നമ്പർ ഉത്തരവ്

## ഉത്തരവ്

ഗ്രാമവികസന വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ക്ലാർക്ക് തസ്തികയിലെ നിയമനത്തിനായി ശിപാർശ ചെയ്യപ്പെട്ട കോഴിക്കോട് ജില്ലാ പി.എസ്.സി. ഓഫീസറുടെ 23.03.2011 ലെ D/V(4)364/2007 നമ്പർ ശിപാർശകത്തിൽ ക്രമ നമ്പർ 2 (രണ്ട്) ആയി ഉൾപ്പെടുത്തിയിരുന്ന ശ്രീ.സത്യൻ.പി, 31.05.2011 ന് രാവിലെ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. 31.03.2014 തീയതിയിൽ കണ്ണൂർ ജില്ലാ പി.എസ്.സി. ആഫീസ് മുഖാന്തിരം ഗ്രാമവികസന വകുപ്പിൽ ക്ലാർക്ക് തസ്തികയിലെ നിയമനത്തിനായി ശിപാർശ ചെയ്യപ്പെട്ട ശ്രിമതി.ശ്രീന.കെ. 29.05.2014-ൽ ഗ്രാമവികസന കമ്മീഷണറേറ്റിൽ ഹെഡ് ക്വർട്ടേഴ്സ് ഒഴിവിൽ ജോലിയിൽ പ്രവേശിച്ചു. ടി ജീവനക്കാരുടെ പേരുകൾ നാളിതുവരെ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) പരാമർശം 1, 2 എന്നിവ പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

01/2013 ൽ മാന്വൽ ഓഫ് ഓഫീസ് പ്രൊസീജിയർ പരീക്ഷ യോഗ്യത നേടി, ക്ലാർക്ക് തസ്തികയിലെ നിരീക്ഷണ കാലം 31.05.2013 പ്രാബല്യത്തിൽ പൂർത്തീകരിച്ചിട്ടുളള ശ്രീ.സത്യൻ.പി-യ്ക്ക് ഈ ഓഫീസിലെ പരാമർശം (3) ഉത്തരവിനോട് അനുബന്ധമായി പ്രസിദ്ധീകരിച്ചിട്ടുളള ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 533 ആയ ശ്രീമതി. റീന മുണ്ടനാരിയ്ക്ക് തൊട്ടുതാഴെയും 534 ആയ ശ്രീ.പ്രശാന്ത് പി.കെ. യ്ക്ക് തൊട്ടു മുകളിലുമായി ടിയാന് സീനിയോറിറ്റി ലഭിക്കേണ്ടതായിരിന്നുവെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

7/2014-ൽ മാന്വൽ ഓഫ് ഓഫീസ് പ്രൊസീജിയർ പരീക്ഷ യോഗ്യതയും 7/2016 ൽ അക്കൗണ്ട് ടെസ്റ്റും നേടിയിട്ടുള്ള ശ്രീമതി.ശ്രീന.കെ.യ്ക്ക് പരാമർശം (3) സീനിയോറിറ്റി ലിസ്റ്റിൽ സീനിയോറിറ്റി നം. 683 ആയ ശ്രീ.വിനോദ് കുമാർ.ജി.യ്ക്ക് തൊട്ടുതാഴെയും 684 ആയ ശ്രീമതി.സുലുമോൾ.പി-യ്ക്ക് തൊട്ടു മുകളിലുമായി ഉൾപ്പെടുത്തേണ്ടതായിരുന്നെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലുശ്ശേരി ബ്ലോക്കിലെ ക്ലാർക്ക് ശ്രീ.സത്യൻ.പി.യുടെ സീനിയോറിറ്റി നമ്പർ ക്ലാർക്കുമാരുടെ പരിമാർശം (3) അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ സീനിയോറിറ്റി നമ്പർ 533 ആയ ശ്രീമതി.റീന മുണ്ടനായി-യ്ക്ക് തൊട്ടു താഴെയായും 534 ആയ ശ്രീ.പ്രശാന്ത്.പി.കെ-യ്ക്ക് തൊട്ടു മുകളിലുമായി സീനിയോറിറ്റി നമ്പർ **"533 എ"** എന്ന് നിർണ്ണയിച്ച് ഉത്തരവാകുന്നു.

കൂടാതെ, കണ്ണൂർ ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസിലെ ക്ലാർക്ക് ശ്രീമതി. ശ്രീന.കെ.യുടെ സീനിയോറിറ്റി നമ്പർ പരാമർശം (3) അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ സീനിയോറിറ്റി നമ്പർ 683 ആയ ശ്രീ.വിനോദ് കുമാർ.ജി.യ്ക്ക് തൊട്ടു താഴെയായും 684 ആയ ശ്രീമതി. സുലുമോൾ.പി.യ്ക്ക് തൊട്ടു മുകളിലുമായി സീനിയോറിറ്റി നം. **"683 എ"** എന്ന് നിർണ്ണയിച്ചും ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ.

To

വ്യക്തിക്ക് (ബന്ധപ്പെട്ട ഓഫീസ് മേധാവി മുഖാന്തിരം)

പകർപ്പ്:

1. എല്ലാ പ്രോജക്ട് ഡയറക്ടർമാർക്കും
2. എല്ലാ വികസന പരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും
3. എല്ലാ അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും
4. എല്ലാ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർക്കും
5. പി.&എം. സെക്ഷൻ ( ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
6. ഗ്രാമവികസന കമ്മീഷണറുടെ സി.എ. യ്ക്ക്
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്